മലയാളത്തിന്റെ
പ്രിയ കഥാകാരൻ
**ശിഹാബുദ്ദീൻ
പൊയ്ത്തുംകടവ്**
നിങ്ങളുമായി
സംവദിക്കുന്നു

# ശിഹാബ്ക്കയോട് ചോദിക്കാം



എനിക്കെപ്പോഴും മൊബൈലിൽ ഗെയിം കളിക്കാനാണ് ഇഷ്ടം. പഠനത്തോട് താൽപ്പര്യം തോന്നാൻ എന്തു ചെയ്യും ശിഹാബ്ക്കാ..

**മുഫീദ്, ക്ലാസ് 8**
**തിരുവേഗപ്പുറ**

എല്ലാ കണ്ടുപിടിത്തങ്ങളും മനുഷ്യർക്ക് നന്മക്ക് ഉപകരിക്കുമ്പോഴാണ് ഭംഗി.

പക്ഷേ, നമ്മുടെ മൊബൈൽ ഫോണിന്റെ കണ്ടുപിടിത്തം ഗുണത്തെക്കാൾ ഉപദ്രവമായി ത്തീരുകയാണോ?

പുതിയ കാലത്തെ പല പ്രശ്നങ്ങൾക്കും മൊബൈൽ ആൻഡ്രോയ്ഡ് കാരണമായിത്തീരുകയാണ്. മൊബൈൽ കാരണം കുട്ടികൾ പഠിത്തത്തിൽ ഉഴപ്പുന്നു. മറ്റൊന്ന്, ദീർഘ നേരം മൊബൈലിൽ നോക്കിയിരിക്കുന്നതിനാൽ കുട്ടികളുടെ കാഴ്ചശക്തിയെ അത് സാരമായി ബാധിക്കു ന്നു.കൂടാതെ ശാരീരികവും മാനസികവുമായ ഒട്ടേറെ പ്രശ്നങ്ങൾക്ക് അത് വഴി വെക്കുന്നു എന്നാണ് ആധുനിക പഠനങ്ങൾ പറയുന്നത്.

ഫോണിൽ ഒരു ദിവസം അരമണിക്കൂറിനപ്പുറം വിദ്യാർത്ഥികൾ ചെലവഴിക്കരുതെന്നാണ് ശിഹാബ്ക്കയുടെ അഭിപ്രായം. ഗെയിം കളി കണ്ണിന്റെ ആരോഗ്യത്തെ പ്രത്യേകിച്ചും ബാധിക്കു ന്നുണ്ട്.

മുഫീദ് സ്വയം നിയന്ത്രിക്കുകയും പറ്റുമെങ്കിൽ മൊബൈലിലെ ഗെയിം കളി പാടെ ഒഴിവാക്കുകയും ചെയ്യുക.

പ്രളയ സമയത്ത് ഒരുപാട് നല്ല ആളുകളെ കുറിച്ച് ഫേസ്ബുക്കിലൂടെയും മറ്റും കേട്ടറിഞ്ഞു. അവരുടെ നല്ല മനസ്സ് കണ്ട് ശരിക്കും അൽഭുതപ്പെട്ടു. അവരെപ്പോലെ സ്വാർത്ഥത ഇല്ലാതിരിക്കാൻ എന്തു ചെയ്യണം ശിഹാബ്ക്കാ. തിന്നാനിരിക്കുമ്പോഴും എനിക്ക് കൂടുതൽ കിട്ടണമെന്നാണ് എനിക്ക് തോന്നാറ്. ആ സ്വഭാവം എങ്ങനെ മാറ്റും?

**ഹലീൽ കെ.വി**
**ക്ലാസ് 10, തിരൂർ**



ഹലീലിന്റെ ഈ ചിന്ത ശിഹാബ് ക്കാക്കും തോന്നിയിട്ടുണ്ട്.

നമ്മൾ മലയാളികൾക്ക് നല്ല മനസ്സുണ്ട്. പിന്നെ അതാരാണ് ചീത്തയാക്കുന്നത്?

ഹലീൽ ഇതേപ്പറ്റി ചിന്തിക്കുകയും പഠിക്കുകയും ചെയ്യുക.



ഇന്ന് ലോകത്ത് കഴിവുള്ള ഒരുപാട് പേർ എവിടെയും എത്താതെ ജീവിക്കുന്നില്ലേ. ട്രെയിനിൽ പാട്ടുപാടി നടന്ന ഒരു സ്ത്രീ ഈയിടെ ബോളിവുഡ് സിനിമയിൽ പാടുകയുണ്ടായല്ലോ. ഇത്രയും കാലം അവർ അറിയപ്പെടാതെ പോയി. ഇങ്ങനെ കഴിവുള്ള ഒരുപാട് പേർ ഒന്നുമാകാതെ ജീവിക്കുന്നു. എന്താണ് ലോകം ഇങ്ങനെ എന്ന് ആലോചിച്ച് ഒരു പിടിയും കിട്ടുന്നില്ലല്ലോ ശിഹാബ്ക്കാ...

**അയ്മൻ**
**ക്ലാസ് 8, പത്തനംതിട്ട**

അയ്മൻ പറഞ്ഞത് വളരെ ശരിയാണ്.

നമുക്ക് ചുറ്റും എത്രയോ കഴിവുള്ള മനുഷ്യരുണ്ട്. കലാകാരന്മാർ പ്രത്യേകിച്ചും.

അവരെ ഉയർത്തിക്കൊണ്ടു വരേണ്ടത് സമൂഹത്തിന്റെ ബാധ്യത കൂടിയാണ്. നമ്മൾ അതേപ്പറ്റിയൊക്കെ ആലോചിക്കണം.





നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി ദ്വൈവാരിക ,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും
8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.